**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരൂർ സബ് ജില്ലാശാസ്ത്രോത്സവത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.2225/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **10/10/2019**

പരാമർശം:- തിരൂർ സബ് ജില്ലാ ശാസ്ത്രമേള സംഘാടക സമിതി ജനറൽ കൺവീനറുടെ 03/10/2019 ലെ കത്ത്.

**ഉത്തരവ്**

2019 ഒക്ടോബർ 16, 17 തീയതികളിൽ തിരുനാവായ നാവാമുകുന്ദ ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടക്കുന്ന 2019- 20 അദ്ധ്യയനവർഷത്തെ തിരൂർ സബ് ജില്ലാ ശാസ്ത്രോത്സവത്തിന്റെ ആവശ്യത്തിലേക്കായി സബ് ജില്ലയിൽ ഉൾപ്പെട്ട തിരൂർ മുനിസിപ്പാലിറ്റി , വെട്ടം , മംഗലം , പുറത്തൂർ , തലക്കാട് , തൃപ്രങ്ങോട് , തിരുനാവായ എന്നീ തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും 25,000/- രൂപ വീതം അനുവദിക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്ന് സംഘാടക സമിതിക്കുവേണ്ടി ജനറൽ കൺവീനർ പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-20 അദ്ധ്യയന വർഷത്തെ തിരൂർ സബ് ജില്ലാ ശാസ്ത്രമേളയുടെ സുഗമമായ നടത്തിപ്പിനായി തിരൂർ സബ് ജില്ലയിൽ ഉൾപ്പെട്ട തിരൂർ മുനിസിപ്പാലിറ്റി , വെട്ടം, മംഗലം , പുറത്തൂർ , തലക്കാട് , തൃപ്രങ്ങോട് , തിരുനാവായ എന്നീ തദ്ദേശസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും 25,000/- രൂപ (ഇരുപത്തയ്യായിരം രൂപ ) വീതം, അതാത് തദ്ദേശ സ്ഥാപനങ്ങളുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി, സംഭാവനയായി നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

വിദ്യാഭാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭാസ ഉപ ഡയറക്ടർ, മലപ്പുറം

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ(പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം മുഖേന )

ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ(പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന )

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Remadevi

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി എസിന്.